# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ 2205061 ഫാക്സ് : 91 484 2206230 കൊച്ചി-682 020

Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com

"ഭരണഭാഷ-മാതൃഭാഷ"

നം.4841/ഐ.ഒ/2016/ജിസിഡിഎ തീയതി, 05.09.2016.

പ്രേഷിതൻ
പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്
ശ്രീ. സിബു ജോർജ്,
കൊളാരിക്കൽ ഹൗസ്,
ടെലിഫോൺ എക്സ്ചേഞ്ച് റോഡ്,
സൗത്ത് ചിറ്റൂർ – 682 027.

സർ,

വിഷയം:- ജിസിഡിഎ – ഭരണവിഭാഗം – വിവരാവകാശ നിയമം – വിവരങ്ങൾ നൽകൽ സംബന്ധിച്ച്.
സൂചന:- താങ്കളുടെ 06.08.16 തീയതിയിൽ ലഭിച്ച അപേക്ഷ.

……

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

1. കലൂർ ജെ.എൻ.ഐ. സ്റ്റേഡിയത്തിലെ പൊതു പ്രവേശന കവാടങ്ങളിൽ അനധികൃതമായി സാധനങ്ങൾ സൂക്ഷിക്കുന്നത് അതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ.?
   ഉത്തരം: ഉണ്ട്.
2. ഉണ്ടെങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?
   ഉത്തരം: സ്റ്റേഡിയത്തിലെ പൊതു പ്രവേശന കവാടത്തിലും കോറിഡോറുകളിലും സാധന സാമഗ്രികൾ സൂക്ഷിക്കുന്നതും നിരോധിച്ചിരിക്കുന്നു. ഇത് ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതും പിഴ ചുമത്തുന്നതുമാണ് എന്ന് ബഹു. സെക്രട്ടറിയുടെ ഉത്തരവ് പ്രദർശിപ്പിച്ച് ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആസൂത്രണ വിഭാഗത്തിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാണ്.
3. ഈ പൊതു സ്ഥലങ്ങളിലും പ്രവേശന കവാടങ്ങളിലും ആരെങ്കിലും കെട്ടിയടച്ചു കൈവശം വച്ച് ഉപയോഗിച്ചു വരുന്നുണ്ടോ. ഉണ്ടെങ്കിൽ അത് എത്ര കൊല്ലമായി ഉപയോഗിച്ച് വരുന്നു.?
   ഉത്തരം: ഡി-സെക്ടറിലെ എൻട്രൻസിന്റെ ഒരു ഭാഗം 1 കൊല്ലമായും, എഫ്-സെക്ടർ എൻട്രൻസ് മെ. വൈറ്റ് പ്ലാനറ്റ് ആദ്യകാലം മുതലും കെട്ടി അടച്ച് ഷട്ടർ പിടിപ്പിച്ചും ഉപയോഗിച്ച് വന്നിട്ടുണ്ട്.
4. ഈ സ്ഥലം സ്വകാര്യ വ്യക്തിക്ക് അനധികൃതമായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആ അനുവദിച്ച ഉദ്യോഗസ്ഥരുടെ പേരും പദവിയും.?
   ഉത്തരം: അനുവദിച്ചതായി കാണുന്നില്ല.
5. സ്റ്റേഡിയത്തിലെ ഡി സെക്ടറിലെ പ്രവേശന കവാടത്തിലെ പൊതു ഷട്ടർ ആരെങ്കിലും സ്വകാര്യ വ്യക്തിക്ക് അടച്ചു കെട്ടി ഷട്ടർ സ്ഥാപിച്ചു ഉപയോഗിക്കാൻ കൈമാറിയിട്ടുണ്ടോ. ഉണ്ടെങ്കിൽ അനുവദിച്ച ഉദ്യോഗസ്ഥരുടെ പേരും പദവിയും.?
   ഉത്തരം: അനുവദിച്ചതായി കാണുന്നില്ല.

6. ഈ സ്ഥലം ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ലേല നടപടികളുടെ പകർപ്പ്.?
ഉത്തരം: ബാധകമല്ല. എസ്റ്റേറ്റ് വിഭാഗത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്.
7. നിലവിൽ ഈ സ്ഥലം സ്വാകാര്യ വ്യക്തി ഉപയോഗിച്ചതിന് ജിസിഡിഎ ക്കു എത്ര രൂപ വാടകയിനത്തിൽ കിട്ടി.?
ഉത്തരം: വാടകയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.
8. ഈ പ്രവേശന കവാടത്തിൽ മുകൾ നിലയിലുള്ള എത്ര കടമുറികൾക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്.?
ഉത്തരം: മുകൾ നിലയിലുള്ള എല്ലാ കടമുറികളിലേയ്ക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്.
9. ഡി സെക്ടറിലെ പൊതു പ്രവേശന കവാടം സ്വാകാര്യ വ്യക്തിക്ക് സ്വന്തമായി പ്രവേശന കവാടം അടച്ചുകെട്ടി രണ്ടു ഷട്ടറുകൾ സ്ഥാപിച്ചു സ്വന്തം വിൽപ്പന സാധനങ്ങൾ സൂക്ഷിക്കാൻ അനുവദിക്കുന്നതിന് ശുപാർശ നൽകിയ ആസൂത്രണ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ പേരും പദവിയും.?
ഉത്തരം: ആസൂത്രണ വിഭാഗത്തിലെ ഫയലിൽ ടി വിവരം ലഭ്യമല്ല.
10. സ്റ്റേഡിയത്തിലെ പൊതു പ്രവേശന കവാടം അടച്ചു കെട്ടി സ്വകാര്യ വ്യക്തികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ചട്ട പ്രകാരമുള്ള അസൂത്രണ വിഭാഗത്തിന്റെ അഭിപ്രായം എന്താണ്.?
ഉത്തരം: വിവരാവകാശ നിയമ പ്രകാരം ലഭ്യമായ രേഖകൾ മാത്രം നൽകിയാൽ മതി, അഭിപ്രായം നൽകുന്നത് പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നില്ല.
11. മേൽ സംബന്ധമായ കാര്യങ്ങളിൽ റവന്യൂ ഇൻസ്പെക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ.?
ഉത്തരം: ഉണ്ട്.
12. പൊതു പ്രവേശന കവാടങ്ങളിൽ അടച്ചു കെട്ടിയതു സംബന്ധിച്ചു എതെങ്കിലും വ്യക്തികളിൽ നിന്നും ജിസിഡിഎ യിൽ പരാതി ലഭിച്ചിട്ടുണ്ടോ.?
ഉത്തരം: ഉണ്ട്. ഡി, ഇ സെക്ടറുകളിലെ അലോട്ടികൾ, ജീവനക്കാർ എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്.
13. ഇത് സംബന്ധമായി ബന്ധപ്പെട്ട ജിസിഡിഎ വിഭാഗങ്ങളിൽ നിന്നും എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്.?
ഉത്തരം: മേൽ പരാതിയിന്മേൽ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു.

കക്ഷി ഓഫീസിൽ ഹാജരാകുന്ന പക്ഷം ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുന്നതിനായി നൽകാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം

ഡോ. മെയ് മാത്യൂ

അപ്പലേറ്റ് അതോറിറ്റി/സെക്രട്ടറി i/c.
ജിസിഡിഎ - കൊച്ചി - 682 020.

വിശ്വസ്തതയോടെ,

എം.സി.ജോസഫ്
പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

mtk